# പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4794 | 29.06.2012 ൽ മറുപടിയ്ക്ക് |
|---|---|
| കല്ല്യാശ്ശേരി അഡീഷണൽ ഐ.സി.ഡി.എസ്. ഓഫീസ് കെട്ടിടം | |
| ചോദ്യം | ഉത്തരം |
| ശ്രീ. റ്റി. വി. രാജേഷ് | ഡോ. എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി അഡീഷണൽ ഐ.സി.ഡി. എസ്. പ്രോജക്ട് ഓഫീസിന്റെ കെട്ടിടനിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള കാലതാമസമെന്താണെന്നത് സംബന്ധിച്ച് വിശദാംശം നൽകുമോ ? | കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി അഡീഷണൽ ഐ.സി.ഡി.എസ് പ്രോജക്ട് ഓഫീസിന്റെ കെട്ടിട നിർമ്മാണം പൊതുമരാമത്ത് വകുപ്പിനെയാണ് ഏൽപ്പിച്ചിട്ടുള്ളത്. ഇതിന് സർക്കാർ ഭരണാനുമതി നൽകുകയും, സാമൂഹ്യക്ഷേമ ഡയറക്ടർ ഡിപ്പോസിറ്റ് വർക്ക് ചെയ്യുന്നതിന് പിഡബ്ല്യുഡി കെട്ടിട വിഭാഗത്തിന് അനുമതി നൽകുകയും ചെയ്തു. ടി നിർമ്മാണത്തിന് കോൺട്രാക്ടർക്ക് സെലക്ഷൻ നോട്ടീസ് കൊടുക്കുകയും, കൃത്യ സമയത്ത് എഗ്രിമെന്റ് വയ്ക്കാത്തതുകൊണ്ട് ആയത് ടെർമിനേറ്റ് ചെയ്യാൻ തലശ്ശേരി പി.ഡബ്ല്യൂ.ഡി എഞ്ചിനീയർ നോട്ടീസ് കൊടുക്കുകയും ചെയ്തു. എന്നാൽ ടി കോൺട്രാക്ടർ രണ്ടാമതും എഗ്രിമെന്റ് നൽകാമെന്ന് ഉറപ്പ് നൽകിയതു മൂലം പി.ഡബ്ല്യൂ.ഡി, ടെർമിനേഷൻ ഓർഡർ റദ്ദു ചെയ്യുകയുണ്ടായെങ്കിലും ടിയാൾ നാളിതുവരെയായി എഗ്രിമെന്റ് വച്ചിട്ടില്ല. എഗ്രിമെന്റ് വെച്ചാലുടൻ നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ